# മറുനാട്ടിൽ തൊഴിൽ ചെയ്യുന്ന ജീവിതപങ്കാളി, മക്കൾ, സഹോദരങ്ങൾ ഇവർക്ക് വേണ്ടിയുള്ള പ്രാർത്ഥന

പിതാവായ ദൈവമേ! വിദൂരത്ത് ജോലിചെയ്യുന്ന (മകൻ,മകൾ, ഭർത്താവ്, ഭാര്യ, സഹോദരൻ, സഹോദരി) ഇവരെ ഓർത്ത് ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നു. അനേകായിരങ്ങൾ തൊഴി രഹിതരായി വേദനിക്കുമ്പോൾ നെറ്റിയിലെ വിയർപ്പുകൊ് അപ്പം ഭക്ഷിക്കുവാൻ ഞങ്ങളുടെ പ്രിയപ്പെട്ടവരെ അനുഗ്രഹിച്ചതിനെ ഓർത്ത് നന്ദി പറയുന്നു. കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക് അനാരോഗ്യകരമായ സാഹചര്യങ്ങൾ, പരിചയമില്ലാത്ത സ്ഥലങ്ങൾ, അവജ്ഞയോടെ നോക്കിക്കാണുന്ന ദേശവാസികൾ, വിശ്വാസപരമായ പരീക്ഷണങ്ങൾ, സാമ്പത്തിക ഞെരുക്കങ്ങൾ, പൈശാചികപ്രലോഭനങ്ങൾ, ശത്രുക്കളുടെ കുടിലതന്ത്രങ്ങൾ എന്നിവ അവരെ അലട്ടുന്നു. സർവ്വോപരി സ്നേഹിക്കുന്നവരിൽ നിന്നുള്ള വേർപാട്, കുടുംബത്തിൽ നിന്നുള്ള അകൽച്ച എന്നിവമൂലം അവർ പാപ സാഹചര്യങ്ങളിലും വീണുപോകാനിടയുണ്ട്. കരുണനിറഞ്ഞ ദൈവമേ, അവരെ കാത്തുപരിപാലിച്ച് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത് അനുഗ്രഹിക്കണമെ. ഈ പ്രാർത്ഥന ഇടവക കൂട്ടായ്മയുടെ നിയോഗത്തോടുകൂടി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ആമ്മേൻ.

Church of Our Lady of Fatima, Okhla, New Delhi-25